പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1308

30.09.2011-ൽ മറുപടിയ്ക്ക്

## പി.എം.ജി.എസ്.വൈ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ യിൽ കേരളത്തിൽ എത്ര റോഡുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട് ; | എ. | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് 1173 റോഡുകൾ അനുവദിച്ചിട്ടുണ്ട്. |
| ബി. | എത്ര റോഡുകൾ പ്രവൃത്തി ആരംഭിക്കാൻ ബാക്കിയുണ്ട് ; | ബി. | 341 റോഡുകളുടെ പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്. |
| സി. | കേന്ദ്ര സർക്കാരിൽ അനുമതിക്കായി എത്ര റോഡുകളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് ; | സി. & ഡി. | പി.എം.ജി.എസ്.വൈ. പ്രകാരം പുതിയ പദ്ധതികളൊന്നും കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടില്ല. എന്നാൽ 2008-09 സാമ്പത്തിക വർഷം ഫേസ് ഏഴിൽ അനുമതിയ്ക്കായി സമർപ്പിച്ച 420 റോഡുകളിൽ ഒന്നാം ഘട്ടമായി അനുമതി ലഭിച്ച 200 റോഡുകൾ ഒഴികെ ബാക്കി വരുന്ന 220 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും 21-09-2010-ന് അനുമതി ലഭിച്ചു. എന്നാൽ 1-4-2010-ൽ സംസ്ഥാന പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് റിവിഷൻ നിലവിൽ വരുകയും ഇതനുസരിച്ച് 1-ാം ഘട്ടത്തിൽ ടെണ്ടർ ലഭിക്കാത്ത പ്രവൃത്തികൾ ഉൾപ്പെടെ ബാക്കിയുള്ള 258 പ്രവൃത്തികൾക്ക് 332.72 കോടി രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് 14-02-2011-ന് കേന്ദ്രസർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| ഡി. | പ്രസ്തുത റോഡുകൾക്ക് എന്ന് അനുമതി ലഭിക്കുമെന്ന് അറിയാമോ ? | | |

സെക്ഷൻ ഓഫീസർ.